(Pages : 4) **R – 1456**

Reg. No. : ..............................

Name : ..................................

## Sixth Semester B.A. Degree Examination, April 2023

## Career Related First Degree Programme under CBCSS

## Malayalam and Mass Communications

## Core Course

## MX 1641 : മലയാളകവിത - ഉത്തരഘട്ടം

## (2018 Admission Onwards)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. മലയാളകവിതയിൽ ആധുനിക കവിത്രയത്തിൽ ഉൾപ്പെടുന്ന കവികൾ ആരൊക്കെ?

2. 'കരുണ' എന്ന ഖണ്ഡകാവ്യത്തിന്റെ രചയിതാവ് ?

3. മലയാളത്തിലുണ്ടായ ഏതെങ്കിലും രണ്ട് വിലാപകാവ്യങ്ങളുടെ പേരെഴുതുക.

4. 'മലയാള കവിതാ സാഹിത്യ ചരിത്രം' എന്ന കൃതി രചിച്ചതാര് ?

5. വള്ളത്തോൾ എഴുതിയ മഹാകാവ്യം ഏത് ?

6. 'അമ്മ മലയാളം' കവിത എഴുതിയതാര് ?

7. മേഘരൂപൻ എന്ന കവിതയിൽ സൂചിപ്പിക്കപ്പെടുന്ന കവി ആരാണ് ?

P.T.O.

St. Xaviers College, Thumba

8. 'കുടിയൊഴിക്കൽ' എന്ന കവിത രചിച്ചതാര് ?

9. ഇടപ്പള്ളിയുടെ ആത്മഹത്യയെത്തുടർന്ന് ചങ്ങമ്പുഴ എഴുതിയ കാവ്യത്തിന്റെ പേരെന്ത് ?

10. പാസ്‌വേഡ് എന്ന കവിത രചിച്ചതാര് ?

**(10 × 1 = 10 Marks)**

II. അരപ്പുറത്തിൽ കവിയാതെ എട്ട് ചോദ്യത്തിന് ഉത്തരമെഴുതുക.

11. 'അക്കുംഭി വക്രതന്റെയിടത്തു കൊമ്പോ
നിർഘാത ഘോരാരവമായ് നിലത്തും' - ആരുടെ ?

12. 'പരക്കെ നമ്മെ പാലമൃതൂട്ടും പാർവണശശിബിംബം' എന്ത് ?

13. 'പൂവിരി നടക്കാവു വിട്ടു ഹാ പുണ്യവ്രതേ
നീ വരിച്ചല്ലോ ചളിക്കുഴമ്പുവരമ്പുകൾ'
- ആരെയാണ് സൂചിപ്പിക്കുന്നത്?

14. 'അങ്ങയെപ്പറ്റിപ്പാടി സുന്ദരമാക്കി സാക്ഷാൽ
സുന്ദരകാണ്ഡം രാമായണത്തിലെന്നാചാര്യൻ' - സൂചിപ്പിക്കുന്നതെന്ത് ?

15. 'ഇണങ്ങി നിന്നിൽ; സൽപുത്രന്മാരിൽ
പൗത്രകമങ്ങനെ!' എന്തൊക്കെയാണ് ഇണങ്ങി നിൽക്കുന്നതായി കവി പറയുന്നത് ?

16. ഇരുവഴിയിൽ ഏത് വഴി പോകാനാണ് കവി നിർദ്ദേശിക്കുന്നത് ?

17. 'കടമ്മനിട്ടക്കാവു തീണ്ടാൻ
നീ ഉണരൂ നീ ഉണരൂ' - കവി ആരോടാണ് പറയുന്നത് ?

18. 'ഓലയും നാരായവും കാഞ്ഞിരത്തിന്റെ
ചോലയിൽ വെച്ചു നമിച്ചു തിരിഞ്ഞൊരാൾ
ആദിത്യനേത്രം തുറന്നു ചോദിക്കുന്നു
ഏതു കടലിൽ എറിഞ്ഞു നീ ഭാഷയെ'
- സൂചിപ്പിക്കുന്നതാരെ ?

St. Xaviers College, Thumba

19. ‘ചപ്പുവാരി നിവർന്നവൾക്കിത്ര
കാപ്പിമട്ടു കുടിക്കുവാൻ ദാഹം’ - സന്ദർഭമേത് ?

20. ‘നല്ല പിതാവിനെക്കാൾ എനിക്കിഷ്ടം ചീത്തയായ അമ്മയെയാണ്’ - കവി ഇങ്ങനെ പറയാൻ കാരണമെന്ത് ?

21. ‘ഒരിടത്തുകയ്യനിൽ ചെന്നു പിറക്കാനുള്ള
എന്റെ ഉറച്ച സ്വപ്നം
അണയാതെ സൂക്ഷിക്കാൻ
ഞാൻ മറ്റെന്ത് ചെയ്യാനാണ്’ - സന്ദർഭമേത് ?

22. ‘കാലമെൻ ശിരസ്സിങ്ക-
ലണിയിക്കയായ് മുല്ല-
മാല ; ഫാലത്തിൽ ചേർത്തു
കഴിഞ്ഞൂ വരക്കുറി’ - ഈ വരികളുടെ സവിശേഷതയെന്ത് ?

**(8 × 2 = 16 Marks)**

III. ഒരു പുറത്തിൽ കവിയാതെ കവിയാതെ ആറു ചോദ്യത്തിന് ഉത്തരമെഴുതുക.

23. ‘മലയാള കവിതയിലെ നാഴികക്കല്ലാണ് ആശാന്റെ വീണപൂവ്’ - ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

24. ‘ആധുനിക മനുഷ്യന് കവി നൽകുന്ന ഉപദേശങ്ങളുടെ സമാഹാരമാണ് പ്രേമസംഗീതം എന്ന കവിത’ - വിശദീകരിക്കുക.

25. ചങ്ങമ്പുഴക്കവിതയുടെ ശൈലീപരമായ സവിശേഷതകൾ ‘കാവ്യനർത്തകി’യിൽ പ്രകടമാകുന്നതെങ്ങനെ ?

26. ‘ദാമ്പത്യ ജീവിതത്തിലെ പൊരുത്തവും പൊരുത്തക്കേടുകളും സൂക്ഷ്മമായി ചിത്രീകരിക്കുന്ന കവിതയാണ് കണ്ണീർപ്പാടം’ - വിശദീകരിക്കുക.

27. ‘മേഘരൂപൻ’ എന്ന കവിതയിൽ ആറ്റൂർ ഉപയോഗിച്ചിട്ടുള്ള ബിംബകല്പനകളുടെ സവിശേഷതകൾ വിശദീകരിക്കുക.

28. പുതുവഴി വെട്ടുന്നവരോട് എൻ.എൻ. കക്കാട് നിർദ്ദേശിക്കുന്ന കാര്യങ്ങൾ വിവരിക്കുക.

St. Xaviers College, Thumba

29. 'കേരളത്തിലെ വായനാസംസ്ക്കാരം അടയാളപ്പെടുത്തുന്ന കവിതയാണ് ലൈബ്രേറിയൻ മരിച്ചതിൽ പിന്നെ' - ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

30. മലയാള ഭാഷയുടെ ദുർവിധി അമ്മ മലയാളം എന്ന കവിതയിൽ ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ ?

31. ഇടതുകൈ എന്ന കവിത പങ്കുവയ്ക്കുന്ന ആശയലോകം വ്യക്തമാക്കുക.

**(6 × 4 = 24 Marks)**

IV. മൂന്നു പുറത്തിൽ കവിയാതെ രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

32. ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നീ കവികളുടെ കാവ്യശൈലിയുടെ സവിശേഷതകൾ വിശദമാക്കുക.

33. മലയാളത്തിലെ കാല്പനിക കവിതയുടെ സവിശേഷതകൾ ചങ്ങമ്പുഴയുടെ കവിതകളെ മുൻനിർത്തി വിവരിക്കുക.

34. മലയാളത്തിലെ ആധുനിക കവിതയുടെ സവിശേഷതകൾ ഉദാഹരണസഹിതം വ്യക്തമാക്കുക.

35. 'സൂക്ഷ്മരാഷ്ട്രീയം കൈകാര്യം ചെയ്യുന്ന കവിതകളാണ് സമകാലീന മലയാളകവിതയിൽ ഭൂരിഭാഗവും' - ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

**(2 × 15 = 30 Marks)**

---

St. Xaviers College, Thumba